MEDIA CONSULTANTS

**DESHABHIMANI**

**Administrative sanction for fresh water supply in Kovalam**

Date: **14-03-2012** | Edition: **Tvm** | Page No: **3** | Clip size (cm) - W: **8** H: **6.5**

---

# കോവളം ശുദ്ധജലവിതരണ പദ്ധതിക്ക് ഭരണാനുമതി

തിരു: രാജ്യാന്തര ടൂറിസം കേന്ദ്രമായ കോവളത്തെയും സമീപപ്രദേശങ്ങളിലെയും രൂക്ഷമായ ശുദ്ധജല ക്ഷാമത്തിന് പരിഹാരമായി ടൂറിസം വകുപ്പ് നടപ്പാക്കുന്ന ജലവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതായി ടൂറിസം മന്ത്രി എ പി അനിൽകുമാർ അറിയിച്ചു. 15 കോടി രൂപ ചെലവുപ്രതീക്ഷിക്കുന്ന പദ്ധതിക്കുവേണ്ടി 14 കോടി രൂപ ടൂറിസം വകുപ്പും ഒരുകോടി രൂപ തിരുവനന്തപുരം കോർപറേഷനും വഹിക്കും.

പദ്ധതി പൂർത്തിയാക്കുന്നതോടെ, കോവളം ടൂറിസം മേഖലയിലും സമീപ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരമാകും. വിഴിഞ്ഞം പഞ്ചായത്തിലെ അഞ്ചും വെങ്ങാനൂർ പഞ്ചായത്തിലെ എട്ടും വാർഡുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. സംസ്ഥാന ജല അതോറിറ്റിയാണ് പദ്ധതി നിർവഹിക്കുക. ഒരുവർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കും.